<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4411</u> <u>18-03-2025 - ൽ മറുപടിയ്ക്ക്</u>

<u>കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിയമനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻ സർവീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പേർ സബ് എഞ്ചിനീയർ തസ്തികയുടെ താഴെയുള്ള തസ്തികകളിൽ നിലവിലുണ്ടെന്ന് വിശദമാക്കാമോ; | (എ) | 14.03.2025-ലെ കണക്ക് പ്രകാരം കെ.എസ് .ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻസർവ്വീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 545-ഓളം നിലവിലുണ്ട്. |
| (ബി) | കെ.എസ്.ഇ.ബി സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുടെ കുറവ് മൂലം പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ, ഇൻസർവീസ് ക്വാട്ടകൾ എന്നിവ വഴി നിലവിൽ നികത്താൻ സാധിക്കാത്ത എത്ര ഒഴിവുകളുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ് .ഇ.ബി ലിമിറ്റഡിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് ഇൻസർവ്വീസ് റിക്രൂട്ട്മെന്റ് വഴി നിയമനം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ കുറവ് മൂലം ടി തസ്തികയിൽ പ്രമോഷന്, ഇൻസർവ്വീസ് ക്വാട്ടകൾ എന്നിവ വഴി നികത്താൻ കഴിയാത്ത ഒരു ഒഴിവും നിലവിലില്ല. |
| (സി) | കെ.എസ്.ഇ.ബി സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകാൻ മതിയായ വിദ്യാഭ്യാസ യോഗ്യത ഉള്ളവരുടെ കുറവ് മൂലം പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷനും ഇൻസർവീസ് ക്വോട്ടകൾ വഴിയും നിയമനം നടത്താൻ സാധിക്കാത്തതിനാൽ സ.ഉ.(കൈ)നം.13/ 2021/ ഉ.ഭ.പ.വ തീയതി 08/06/2021 ലെ ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയിലെ ഒഴിവുകൾ ഡയറക്റ്റ് ക്വാട്ടയിലേക്ക് ഡീകേഡർ ചെയ്ത് പി.എസ്.സി. മുഖേന നികത്തുമോ; വിശദമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | കെ.എസ്.ഇ.ബി. പുനഃസംഘടന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും പുനഃസംഘടന എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (ഡി) | കെ.എസ്.ഇ.ബി.എൽ-ലെ പുന:സംഘടനയുടെ ഭാഗമായി മൊത്തം തസ്തികകളുടെ എണ്ണം കെ.എസ്.ഇ.ആർ.സി കണക്കാക്കിയ 30321 ആയി നിജപ്പെടുത്താൻ സർക്കാർ തത്വത്തിൽ സമ്മതിച്ചതായി 19.01.2024-ലെ കത്ത് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സർക്കാർ അറിയിച്ചു. അതോടൊപ്പം തസ്തികളുടെ categorization വിവിധ തലങ്ങളിൽ ചർച്ച നടത്തി തീരുമാനിക്കുവാനും നിർദ്ദേശിച്ചു. പുതിയ സാങ്കേതിക വിദ്യകൾ |

| | | | |
|---|---|---|---|
| | | | ഉൾക്കൊണ്ട്ക്കൊണ്ട് കെ.എസ്.ഇ.ബി.എൽ -ന്റെ നവീകരണം സാധ്യമാക്കുന്ന രീതിയിൽ മനുഷ്യവിഭവ ശേഷി വിനിയോഗിക്കാനുതകുന്ന രീതി അവലംബിക്കാനും സർക്കാർ നിർദ്ദേശിച്ചു.<br><br>ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (EEFI) പുനഃ സംഘടന ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച നിവേദനത്തിൽ, ബഹു:വൈദ്യുതി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ 02.01.2025-നു വിളിച്ചു ചേർത്ത യോഗത്തിൽ, റീ സ്ട്രക്ച്ചറിങ് ഉൾപ്പെടയുള്ള വിഷയങ്ങൾ പരിശോധിക്കുന്നതിനായി EEFI യുടെ രണ്ടു പ്രതിനിധികൾ, കെ.എസ്.ഇ.ബി.എൽ-ന്റെ രണ്ടു പ്രതിനിധികൾ എന്നിവർ അംഗങ്ങളായും സർക്കാർ നിർദ്ദേശിക്കുന്ന പ്രതിനിധി അധ്യക്ഷനായും ഒരു സബ് കമ്മറ്റി രൂപീകരിക്കുവാനും തീരുമാനിച്ചിരുന്നു. പിന്നീട് 06.02.2025-നു നാഷണൽ കോ-ഓർഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് (NCCOEEE)-ന്റെ പ്രതിനിധികളുമായി ബഹു:വൈദ്യുതി വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ പ്രസ്തുത കമ്മറ്റി വിപുലീകരിക്കുവാൻ തീരുമാനിക്കുകയും 27.02.2025-ലെ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ.രാജൻ.പി, Director(Rtd), KSEBL ചെയർമാനായും കെ.എസ്.ഇ.ബി.എൽ-നെ പ്രതിനിധീകരിച്ച് 6 അംഗങ്ങളും NCCOEEE -യെ പ്രതിനിധീകരിച്ച് 6 അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പുനഃ സംഘടന വിഷയങ്ങൾ നിലവിൽ ഈ കമ്മിറ്റിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ